# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2049 05/10/2016 -ൽ മറുപടിയ്ക്ക്

**ബിവറേജസ് കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ എത്ര ഔട്ട് ലെറ്റുകളിൽ പുതിയ കൗണ്ടറുകൾ തുടങ്ങാൻ തീരുമാനമെടുത്തിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം ചില്ലറ വില്പനശാലകളിലെ കച്ചവട ആവശ്യകത കണക്കിലെടുത്ത് ബിവറേജസ് കോർപ്പറേഷന്റെ 67 ചില്ലറ വിൽപ്പന ശാലകളിൽ പുതിയ കൗണ്ടറുകൾ തുറന്നിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര ഷോപ്പുകളിൽ താൽക്കാലികാടിസ്ഥാനത്തിലോ, കരാർ അടിസ്ഥാനത്തിലോ അല്ലാതെയോ എത്ര ജീവനക്കാരെ അധികം നിയമിച്ചിട്ടുണ്ട്; | (ബി) | നിലവിൽ ബിവറേജസ് കോർപ്പറേഷന്റെ 270 ചില്ലറ വിൽപ്പന ശാലകളിലും കൂടി 156 ജീവനക്കാരെ ദിവസവേതന വ്യവസ്ഥയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിച്ചിട്ടുണ്ട്. |
| (സി) | മദ്യ ഉപയോഗം കുറയ്ക്കുന്ന തരത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലപ്രാപ്തി പരിശോധിച്ചിട്ടുണ്ടോ; മദ്യ ഉപഭോഗം എത്രത്തോളം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | മദ്യവർജ്ജനത്തിൽ ഊന്നിയുള്ള മദ്യ നയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആയതിനായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മദ്യഉപയോഗം നിയന്ത്രിക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്ന് ഇതുവരെ പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ